**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5852** **08-07-2024 - ൽ മറുപടിയ്ക്ക്**

**കുടുംബശ്രീ അയൽക്കൂട്ടത്തിലെ കാർഷിക വായ്പ ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | പറപ്പൂക്കര പഞ്ചായത്ത് എട്ടാം വാർഡിലെ കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ 12 ജെ. എൽ. ജി. ഗ്രൂപ്പുകളിൽ നിന്നും സംഘങ്ങൾക്ക് സംഘ കൃഷി, കാർഷിക വായ്പയായി ലഭിച്ച തുകയുടെ ക്രമക്കേട് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | തുക കൈവശപ്പെടുത്തുകയും ബാങ്ക് ലോൺ തിരിച്ചടയ്ക്കാതെ അംഗങ്ങൾക്ക് റവന്യൂ റിക്കവറി നോട്ടീസ് ലഭിക്കാനിടയാക്കിയ വ്യക്തിക്കെതിരെ അന്വേഷണം നടത്തി കർശന നടപടി സ്വീകരിക്കുന്നതിന് ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കുടുംബശ്രീ തൃശൂർ ജില്ലാമിഷനിൽ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ പരാതിക്കാരെ നേരിട്ട് കണ്ടു അന്വേഷണം നടത്തി മൊഴി രേഖപ്പെടുത്തുകയും ക്രൈം നം. 518/24, 377/24 എന്നിവ പ്രകാരം കൊടകര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. |
| (സി) | നിരപരാധികളായ ജെ. എൽ. ജി. അംഗങ്ങൾക്കെതിരെയുള്ള ബാങ്ക് ജപ്തി നടപടികൾ നിർത്തി വയ്ക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുമോ; | (സി) | 27.06.2024 ന് ഇന്ത്യൻ ഓവർസീസ് ബാങ്ക് പ്രതിനിധിയുമായി പറപ്പൂക്കര ഗ്രാമപഞ്ചായത്ത് പ്രസിഡൻറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തൃശൂർ ജില്ലാമിഷൻ പ്രതിനിധിയായി അസി.ജില്ലാമിഷൻ കോ-ഓർഡിനേറ്റർ പങ്കെടുക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ബാങ്കിനോട് ജപ്തി നടപടികൾ താത്കാലികമായി നിറുത്തി വയ്ക്കാൻ യോഗം ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. |
| (ഡി) | ഇത്തരം ക്രമക്കേടുകൾ ഒഴിവാക്കുന്നതിനാവശ്യമായ കൃത്യമായ പരിശോധനാ നടപടികൾ സ്വീകരിക്കുന്നതിന് സംവിധാനം ഒരുക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ക്രമക്കേടുകൾ ഒഴിവാക്കുന്നതിനാവശ്യമായ പരിശോധനാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബ്ലോക്ക് കോ-ഓർഡിനേറ്റർ, അഗ്രി സിആർപി, ഉപജീവന ഉപസമിതി കൺവീനർ എന്നിവരുടെ നേതൃത്വത്തിൽ ഫീൽഡ് വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് സിഡിഎസ് കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം ലഭിച്ച സംഘകൃഷി ഗ്രൂപ്പുകൾക്ക് മാത്രമേ ലോൺ മേളകളിലൂടെ വായ്പകൾ സിഡിഎസിന് നൽകാവൂ എന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വായ്പാമേള സംഘടിപ്പിക്കുമ്പോൾ ആവശ്യമായ ബോധവത്ക്കരണം നൽകിയതിനുശേഷം മാത്രമേ |

| | | | |
|---|---|---|---|
| | | | വായ്പ നൽകാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സിബിആർഎം കമ്മിറ്റികൾ എല്ലാ മാസവും സിഡിഎസിൽ സംഘടിപ്പിക്കേണ്ടതാണെന്നും തിരിച്ചടവ് മുടക്കം വരുത്തുന്ന ഗ്രൂപ്പുകളുടെ വിവരങ്ങൾ ശേഖരിച്ച് ജില്ലാമിഷനിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ലോൺ നൽകുന്ന ജെഎൽജികളുടെ വിവരങ്ങൾ സിഡിഎസിൽ രജിസ്റ്റർ ചെയ്ത് സൂക്ഷിക്കണമെന്നും ആയതിൻറെ വിവരങ്ങൾ ജില്ലാമിഷനിൽ രജിസ്റ്റർ ആക്കി സൂക്ഷിക്കാനും നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ